# കേരളസർവകലാശാല

നം.പി.ആർ.194/2023 തിരുവനന്തപുരം, തീയതി: 23/09/2023

## പത്രക്കുറിപ്പ്

### പരീക്ഷ വിജ്ഞാപനം

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ ബി.എ. ഓണേഴ്സ് (ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ), സെപ്റ്റംബർ 2023 ഡിഗ്രി പരീക്ഷ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. 2022 അഡ്മിഷൻ വിദ്യാർത്ഥികൾ SLCM പോർട്ടൽ വഴിയും 2017-2021 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് പിഴകൂടാതെ 2023 സെപ്റ്റംബർ 26 വരെയും 150 രൂപ പിഴയോടെ 28 വരെയും 400 രൂപ പിഴയോടെ 30 വരെയും ഓഫ്‌ലൈനായി അപേക്ഷിക്കാവുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സൂക്ഷ്മപരിശോധന

കേരളസർവകലാശാല 2023 ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽ.എൽ.ബി. പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി 2023 സെപ്റ്റംബർ 25 മുതൽ 28 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യുവേഷൻ ഇ.ജെ. X (പത്ത്) വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

### ടൈംടേബിൾ

കേരളസർവകലാശാല 2023 ഒക്ടോബർ 17 ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ. എൽ.എൽ.ബി./ബി.കോം. എൽ.എൽ.ബി./ബി.ബി.എ. എൽ.എൽ.ബി. (റെഗുലർ, സപ്ലിമെന്ററി, മേഴ്സിചാൻസ്) പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For queries helpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**